"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി NREGS/AUEGS അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ്/ ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിനും അതിനായി രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.262/2026/LSGD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-
1. അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് ഡയറക്ടറുടെ 21.11.2025-ലെ AKS/526/2025-APC (ASPO) നമ്പർ ഉത്തരവ്
2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 29.12.2025 തിയതിയിലെ 261/25/SM-PR നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിനായി അപേക്ഷ ഒന്നിന് ₹40/- രൂപ നിരക്കിലും, അംഗത്വം പുതുക്കുന്നതിനായി ₹30/- രൂപ നിരക്കിലും തൊഴിലാളികളിൽ നിന്നും ഈടാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, അംഗത്വ രജിസ്ട്രേഷൻ വളരെ കുറവായ സാഹചര്യത്തിൽ, ഗുണഭോക്താക്കളെ കണ്ടെത്തിനും രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ജോലിക്ക് ഭംഗം വരാതെ ₹40/- രൂപ ഈടാക്കി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ ചെയ്യുന്നതിന് മഹാത്മാഗാന്ധി NREGS/AUEGS തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ്/ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകണമെന്ന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗത്വ രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തമഹാത്മാഗാന്ധി NREGS/AUEGS തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ്/ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് അവരുടെ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ജോലിക്ക് ഭംഗം വരാതെ ₹40/- രൂപ ഈടാക്കി കേരള തൊഴിലുറപ്പ്

തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ നടപടികൾ ചെയ്യുന്നതിന്, ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു;

- ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് മുമ്പായി ഗുണഭോക്താവിന്റെ അംഗത്വത്തിനുള്ള അർഹത ഉറപ്പുവരുത്തണം
- ആവശ്യമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ പരിശോധിച്ച് കൃത്യത വരുത്തിയ ശേഷം മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- ആദ്യ പെയ്മെന്റ് നടത്തുന്നതിന് ഗുണഭോക്താവിന് സാങ്കേതിക സഹായം നൽകണം
- ക്ഷേമനിധിയുടെ വെബ് പോർട്ടൽ ഉപയോഗിച്ച് തുടർന്ന് പെയ്മെന്റ് നടത്തേണ്ട രീതി ഗുണഭോക്താവിന് പരിചയപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
മിഷൻ ഡയറക്ടർ (എം.ജി.എൻ.ആർ.ജി.എസ്), തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് ബന്ധപ്പെട്ടവർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.കരുതൽ ഫയൽ/ഓഫീസ്
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 02-02-2026 16:52:54
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്